Syro-Malabar Eparchy of St Thomas the Apostle, Melbourne
6 Greenock Court, Greenvale,
Victoria 3059, Australia
Phone: +61 (03) 8313 3678
bishop.melbourne@syromalabar.org.au
www.syromalabar.org.au

Prot.No.MPL: 69/20/49

# സർക്കുലർ

## കത്തീഡ്രൽ ദേവാലയ ശിലാസ്ഥാപനം

പ്രിയ ബഹുമാന അച്ചന്മാരേ, പ്രിയ സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

2020 ജൂലായ് 3ന്, നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനതിരുന്നാൾ ദിനം നമ്മുടെ രൂപതയുടെ കത്തീഡ്രൽ ദേവാലയത്തിന്റെ ശിലാസ്ഥാപനകർമ്മാവസരത്തിൽ നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ അനുഗ്രഹീതനിമിഷത്തിൽ, നന്ദിയോടെ എന്റെ ചിന്തകൾ കത്തീഡ്രൽ ഇടവകക്കും രൂപതക്കും അപ്പുറത്തേക്ക് തിരിയുകയാണ്. വൈവിധ്യമാർന്ന കത്തോലിക്കാസഭയുടെ അപ്പസ്തോലിക പൈതൃകപാരമ്പര്യം കൊണ്ട് സമ്പന്നമായ, പ്രവാസികൾക്ക് സുവർണ്ണാവസരങ്ങൾ വാഗ്ദാനം ചെയ്യുന്ന മനോഹരമായ ഓസ്ട്രേലിയ രാജ്യത്തേക്ക് ഔദാര്യപൂർവ്വം നമ്മെ സ്വാഗതം ചെയ്യുന്ന ഇവിടത്തെ രൂപതകളെയും മെത്രാന്മാരെയും നമുക്ക് നന്ദിയോടെ ഓർക്കാം.

2019 ഒക്ടോബർ 3ന്, ആദ് ലിമിന സന്ദർശനവേളയിൽ നമ്മുടെ കത്തീഡ്രൽ ദേവാലയത്തിന്റെ അടിസ്ഥാനശില വെഞ്ചിരിക്കാൻ സന്മനസുകാണിച്ച പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപാപ്പയെയും, തദവസരത്തിൽ സന്നിഹിതരായിരുന്ന നമ്മുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനെയും സഭയിലെ എല്ലാ അഭിവന്ദ്യ പിതാക്കന്മാരെയും നന്ദിയോടെ ഓർക്കുന്നു.

കത്തീഡ്രൽ ദേവാലയത്തിന് രൂപതയിലുള്ള പ്രമുഖ സ്ഥാനത്തെപ്പറ്റി രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇപ്രകാരമാണ് പ്രസ്താവിക്കുന്നത്. ‘‘അതിനാൽ, ഓരോ രൂപതയിലും മെത്രാനെ കേന്ദ്രീകരിച്ചുള്ള ആരാധനക്രമജീവിതം എല്ലാവരും കാര്യമായി കരുതണം, പ്രത്യേകിച്ച് ഭദ്രാസനദേവാലയത്തിൽ’’ (ആരാധനക്രമം, 41). നമ്മുടെ രൂപതയിലെ വ്യക്തികളുടെയും സമൂഹങ്ങളുടെയും ഇടവകകളുടെയും വിശ്വാസകൂട്ടായ്മയുടെയും സ്നേഹഐക്യത്തിന്റെയും പ്രതീകവും കേന്ദ്രവുമാണ് നമ്മുടെ കത്തീഡ്രൽ ദേവാലയം.

കത്തീഡ്രൽ പള്ളി നിർമ്മാണ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്ന വികാരി ബഹുമാന കൊച്ചുപുരയ്ക്കൽ മാത്യു അച്ചനെയും, ഇവിടെ സേവനം ചെയ്തിട്ടുള്ള മറ്റു വൈദികരെയും, പാരീഷ്കൗൺസിൽ, നിർമ്മാണകമ്മറ്റി അംഗങ്ങളെയും നന്ദിയോടെ അനുസ്മരിക്കുന്നു. പ്രാർത്ഥന, ഔദാര്യമായ സാമ്പത്തികസഹായം, വ്യക്തിപരമായ പരിത്യാഗപ്രവർത്തികൾ എന്നിവ വഴി നമ്മുടെ ഈ സ്വപ്നം യാഥാർത്ഥ്യമാകാൻ സഹായിക്കുന്ന കത്തീഡ്രൽ ഇടവകാംഗങ്ങളെയും, മറ്റു സഹോദരീസഹോദരന്മാരെയും കുഞ്ഞുമക്കളെയും നന്ദിയോടെ ഓർത്തുകൊണ്ട് തുടർന്നുമുള്ള സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

കത്തീഡ്രൽ ദേവാലയ ശിലാസ്ഥാപനകർമ്മം നടക്കുമ്പോൾ നമ്മുടെ പ്രാർത്ഥന പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരന് പ്രത്യാശാപൂർവ്വം നമുക്കു സമർപ്പിക്കാം. രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ പരിശുദ്ധ അമ്മയുടെയും, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും, കത്തീഡ്രൽ ഇടവക മദ്ധ്യസ്ഥയായ വിശുദ്ധ അൽഫോൻസമ്മയുടെയും, നമ്മുടെ സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം നമുക്ക് യാചിക്കാം.

സ്നേഹത്തോടെ, നിങ്ങളുടെ പിതാവ്

**+ ബോസ്കോ പുത്തൂർ** **2020 ജൂൺ 24**

NB: ഈ സർക്കുലർ 2020 ജൂൺ 28, ഞായർ ഇടവകജനങ്ങളെ അറിയിക്കേണ്ടതാണ്.